സ്റ്റേ കാരണം ഒരു പദ്ധതിയുടേയും റിവൈസ്ഡ് എസ്റ്റിമേറ്റ് അനുമതി ലഭിക്കാത്തതുകൊണ്ട് 12 പദ്ധതികളുടേയും സ്ഥലം സംബന്ധമായ തർക്കംമൂലം 2 പദ്ധതികളുടേയും പണി പുരോഗമിച്ചിട്ടില്ല.

85 (1997) ആറാട്ടുപുഴ ഐക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ ഐക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നമ്പർ-II പമ്പ് പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പമ്പ് പ്രവർത്തിക്കാത്തതിന്റെ ഭാഗമായി ആറാട്ടുപുഴ - മാലക്കര പ്രദേശത്തെ 20 ഹെക്ടർ ഭാഗത്ത് പുഞ്ചക്കൃഷി ചെയ്യാൻ കഴിയുന്നില്ല എന്ന് അറിയാമോ ;

(സി) വളരെയേറെ കർഷകരെ ദോഷകരമായി ബാധിക്കുന്ന ഈ സ്ഥിതിവിശേഷം ഒഴിവാക്കി എത്രയും പെട്ടെന്ന് പമ്പ് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറിയാം.

(സി) പമ്പിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട്

86 (1998) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിൽ കമ്മ്യൂണിക്കേഷൻ ലിങ്ക് റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ നിയോജകമണ്ഡലത്തിലാണ് ഇപ്രകാരം നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത് ;

(സി) ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ എണ്ണവും, ഇതിന് ഓരോന്നിനും ചെലവാക്കുന്ന തുകയും വെളിപ്പെടുത്തുമോ ;

(ഡി) കനാലിന്റെ നിർമ്മാണത്തോടെ യാത്രാസൗകര്യം ഇല്ലാതായ സ്ഥലങ്ങളിൽ കമ്മ്യൂണിക്കേഷൻ ലിങ്ക് റോഡുകൾ നിർമ്മിച്ചുകൊടുക്കുമോ എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മൂവാറ്റുപുഴ, കോതമംഗലം, പിറവം, ഇടുക്കി, കടുത്തുരുത്തി, തൊടുപുഴ എന്നീ നിയോജകമണ്ഡലങ്ങളിലാണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്.

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏറ്റെടുത്ത ജോലികളുടെ വിശദവിവരം താഴെ ചേർക്കുന്നു.

നിയോജക മണ്ഡലം	അറേഞ്ച്മെന്റ് നടപടികൾ പുരോഗമിച്ചു വരുന്ന പണികൾ	പ്രതീക്ഷിക്കുന്ന ചെലവ് (ലക്ഷം രൂപ)	റോഡ് കമ്മിറ്റി പാസാക്കി അറേഞ്ച് ചെയ്യാൻ തീരുമാനിച്ച പണികൾ	പ്രതീക്ഷിക്കുന്ന ചെലവ് (ലക്ഷം രൂപ)
മൂവാറ്റുപുഴ	7	54.24	8	69.24
കടുത്തുരുത്തി	7	39.37	9	51.37
പിറവം	6	42.43	8	57.43
കോതമംഗലം	5	30.16	5	54.00
ഇടുക്കി	5	34.00	9	37.00
തൊടുപുഴ	6	56.00	6	55.00

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

വാണിയംകുളം ശുദ്ധജലവിതരണ പദ്ധതി

87 (1999) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ശുദ്ധജല വിതരണത്തിന് പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ മതിപ്പു തുകയെത്ര ;

(സി) ഈ പദ്ധതിക്കായി ഏത് ഏജൻസിയിൽ നിന്നാണ് ധനസഹായം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കാര്യമായ ജല ദൗർലഭ്യമുള്ള ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായി ഈ വർഷം തന്നെ ഇതിന്റെ പണി ഏറ്റെടുത്ത് നടത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly